# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4421 22/07/2015-ൽ മറുപടിയ്ക്ക്

### തീരദേശ വികസന കോർപ്പറേഷന്റെ ഉല്പന്നങ്ങളുടെ വിപണനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി. എൻ. പ്രതാപൻ:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. പി. എ. മാധവൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) തീരദേശ വികസന കോർപ്പറേഷന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ; | (എ) തീരദേശ വികസന കോർപ്പറേഷൻ മുഖേന മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന "ഫിഷ് മെയ്ഡ്" എന്ന ബ്രാൻഡിൽ മൂല്യവർദ്ധിത മത്സ്യഉൽപന്നങ്ങളുടെ വിപണനത്തിനായി സംസ്ഥാനത്തുടനീളം ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. ആദ്യ ഔട്ട്ലെറ്റിന്റെ പ്രവർത്തനം കൊച്ചിയിൽ ആരംഭിച്ചു. ഇതോടൊപ്പം തന്നെ ശുചിത്വമായ അന്തരീക്ഷത്തിൽ സോളാർ ഡ്രയറിൽ ഉണക്കിയെടുത്ത് ആധുനിക പാക്കേജിംഗ് സംവിധാനം ഉപയോഗിച്ച് പായ്ക്ക് ചെയ്ത ഉണക്കമത്സ്യ ഉല്പന്നങ്ങൾ "ഡ്രിഷ് കേരള" എന്ന ബ്രാൻഡിൽ വിപണിയിലെത്തിക്കുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) ഫിഷ് മെയ്ഡ് ഉല്പന്നങ്ങളുടെ പ്രൊഡക്ഷൻ നടത്തുന്നതിനുവേണ്ടി കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ കേന്ദ്രത്തിന്റെ സഹായത്തോടെ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി കൊല്ലത്തുള്ള പ്രൊഡക്ഷൻ സെന്ററിൽ വച്ചു ട്രെയിനിംഗ് നൽകി. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകളെ ഉൾപ്പെടുത്തി മൂല്യ വർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതു വഴി മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വരുമാനത്തിൽ ഗണ്യമായി വർദ്ധനവ് ഉണ്ടാകുന്നു. HACCP നിബന്ധനകൾ കർശനമായി പാലിച്ച് സംസ്കരണം, പാക്കിംഗ്, ട്രാൻസ്പോർട്ട് തലങ്ങളിൽ അതീവ ശ്രദ്ധയോടെ കൈകാര്യം ചെയ്ത് ഉൽപ്പന്നത്തിന്റെ മൂല്യവും ഗുണമേന്മയും ഉറപ്പാക്കി അവ ഉപഭോക്താവിന്റെ കൈകളിൽ എത്തിക്കുക എന്നതാണ് മുഖ്യലക്ഷ്യം. |

| | | | |
|---|---|---|---|
| (സി) | **ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്നു വിശദമാക്കാമോ ;** | (സി) | കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ കേന്ദ്രത്തിന്റെ സഹായത്തോടെയാണ് തീരദേശ വികസന കോർപ്പറേഷൻ മൂല്യ വർദ്ധിത മത്സ്യഉത്പ്പന്നങ്ങൾ വികസിപ്പിച്ചെടുത്ത് വിപണിയിൽ എത്തിക്കുന്നത്. |
| (ഡി) | **മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?** | | തീരദേശ വികസന കോർപ്പറേഷൻ മുഖേന വികസിപ്പിച്ചെടുക്കുന്ന മൂല്യവർദ്ധിത മത്സ്യഉല്പന്നങ്ങൾ "ഫിഷ് മെയ്ഡ്" ഔട്ട്ലെറ്റുകളിലൂടെയാണ് വിപണനം ചെയ്യുന്നത്. പ്രസ്തുത ഉല്പന്നങ്ങളുടെ വിപണനത്തിനായി തീരദേശ വികസന കോർപ്പറേഷൻ വിവിധ ട്രേഡ് ഫെയറുകൾ, ഇന്റർനാഷണൽ അക്വാഷോ തുടങ്ങിയ പരിപാടികളിൽ സ്റ്റാളുകൾ സ്ഥാപിച്ച് വിപണനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിപുലമായ മാർക്കറ്റിംഗ് ശൃംഖല രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ദേശീയ മത്സ്യ വികസന ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**